12748

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ഡോ.രാജീവ്.കെ.എസ്, കൺസൾട്ടന്റ് (ഓർത്തോപീഡിക്സ്), ബീച്ച് ആശുപത്രി, കോഴിക്കോട് ഫയൽ ചെയ്ത O.A (EKM) നം.1974/2017 മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 14.09.2017-ലെ വിധിന്യായത്തിലെ നിർദ്ദേശം അനുപാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ(സാധാ) നം.534/2018/ആ.കു.വ തിരുവനന്തപുരം, തീയതി, 16.02.2018.

---

പരാമർശം:-1) ഡോ..രാജീവ്.കെ.എസ്, കൺസൾട്ടന്റ് ആരോഗ്യ വകുപ്പ് സെക്രട്ടറിക്കു സമർപ്പിച്ച 21.08.2017-ലെ നിവേദനം.(Annexure A2)

2) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 14.09.2017-ലെ ഡോ..രാജീവ്.കെ.എസ്, ഫയൽ ചെയ്ത O.A (EKM) നം.1974/2017 മേലുള്ള വിധിന്യായം.

3) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 23.10.2017-ലെ ഇഎ 1-90768/17/ആവഡ നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ബീച്ച് ആശുപത്രിയിലെ ഓർത്തോപീഡിക്സ് വിഭാഗം കൺസൾട്ടന്റ് ഡോ.രാജീവ്.കെ.എസ്, മഞ്ചേരി ജനറൽ ആശുപത്രിയിലേക്ക് സ്ഥലം മാറ്റം നൽകണമെന്ന് അഭ്യർത്ഥിച്ച് ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം മുമ്പാകെ O.A (EKM) നം.1974/2017 ഫയൽ ചെയ്യുകയുണ്ടായി.

2. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 14.09.2017-ലെ വിധിന്യായത്തിൽ, ഡോ.രാജീവ്.കെ.എസ്-നെയും മഞ്ചേരി ജനറൽ ആശുപത്രിയിലെ ഓർത്തോപീഡിക്സ് കൺസൾട്ടന്റ്, ഡോ.മൊയ്തീൻ കുട്ടി ഉള്ളാട്ടിനെയും നേരിൽ കേട്ട ശേഷം രണ്ട് മാസത്തിനുള്ളിൽ യുക്തമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം രണ്ട് പ്രകാരം സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

3. ആയതു പ്രകാരം, ഡോ.രാജീവിനെ 24.10.2017-ലും ഡോ.മൊയ്തീൻകുട്ടി ഉള്ളാട്ടിനെ 08.11.2017-ലും നേരിൽ കേട്ടു. മലപ്പുറം സ്വദേശിയായ ഡോ.രാജീവ് കുടുംബസമേതം മലപ്പുറത്ത് താമസമാണ് എന്നും ഭാര്യ, എസ്.ബി.ഐ മലപ്പുറം സിവിൽ സ്റ്റേഷൻ ബ്രാഞ്ചിൽ ജോലി നോക്കുന്നു എന്നും കുട്ടികൾ മലപ്പുറം സെട്രൽ സ്കൂളിൽ പഠിക്കുന്നു എന്നും പ്രായമായ, അവശരായ മാതാപിതാക്കൾ ഒപ്പം താമസിക്കുന്നു എന്നും വീട്ടിൽ നിന്നും മാറി നൽക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ, ദിവസവും കോഴിക്കോട് ബീച്ച് ആശുപത്രി വരെയാത്ര ചെയ്ത് പോകാൻ സാധിക്കാത്തതിനാൽ മഞ്ചേരി ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കണമെന്ന് ഡോ.രാജീവ് ഹിയറിംഗ് വേളയിൽ അറിയിച്ചു. ഹോം സ്റ്റേഷനായ മലപ്പുറം ജില്ലയിൽ ആകെ രണ്ട് വർഷം മാത്രമേ ജോലി നോക്കിയിട്ടുള്ളു എന്നും ഡോ.രാജീവ് അറിയിച്ചു.

4. ഡോ.രാജീവ്.കെ.എസ് തിരൂരങ്ങാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഓർത്തോ വിഭാഗം ജൂനിയർ കൺസൾട്ടന്റായി ജോലി നോക്കി വരവെ 2014-16 കാലയളവിൽ ടിയാന് സർവ്വീസ് ക്വാട്ടയിൽ എം.എസ് ഓർത്തോ കോഴ്സിന് പ്രവേശനം ലഭിച്ചിരുന്നു. എന്നാൽ ടിയാൻ പഠനത്തിൽ തുടരവെ ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ) മാരുടെ സീനിയോറിറ്റി

ലിസ്റ്റിൽ നിന്നും 100-ാം റാങ്ക് വരെയുള്ളവർക്ക് കൺസൾട്ടന്റ് (ഓർത്തോ) തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിരുന്നു. എന്നാൽ 84-ാം റാങ്ക് കാരനായ ഡോ.രാജീവ്.കെ.എസിന് കൺസൾട്ടന്റ് (ഓർത്തോ) തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകിയിരുന്നില്ല. ഇതിന് എതിരെ ടിയാൻ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും ബഹുമാനപ്പെട്ട ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ.ഉ(സാധാ)-1744/2017/ആകുവ തീയതി 23.06.2017 പ്രകാരം കൺസൾട്ടന്റായി താൽക്കാലിക സ്ഥാനക്കയറ്റം നൽകി കോഴിക്കോട് ജനറൽ ആശുപത്രിയിലെ നിലവിലുണ്ടായിരുന്ന കൺസൾട്ടന്റ് (ഓർത്തോ) തസ്തികയിലെ ഒഴിവിലേക്ക് നിയമിച്ചിരുന്നു.

5. ഡോ.രാജീവ്.കെ.എസ്-ന്റെ പഠനകാലയളവിൽ ടിയാന് ഉദ്യോഗക്കയറ്റം നൽകിയിരുന്നെങ്കിൽ തന്നെ, ഉദ്യോഗക്കയറ്റ തസ്തികയിൽ പഠനം തുടരാനാണ് സാധാരണയായി അനുമതി നൽകുക. പഠനത്തിൽ തുടരുന്നതിനാൽ നിയമന ഉത്തരവ് നൽകുമായിരുന്നില്ല. ഉദ്യോഗക്കയറ്റ സമയത്ത് സർവ്വീസിൽ ഉണ്ടായിരുന്ന ഡോ.മൊയ്തീൻ കുട്ടി ഉള്ളാട്ടിന്, സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ കൺസൾട്ടന്റായി മഞ്ചേരി ജനറൽ ആശുപത്രിയിൽ നിയമന ഉത്തരവ് നൽകിയിരുന്നു.

6. മഞ്ചേരി ജനറൽ ആശുപത്രിയിൽ ജോലി നോക്കുന്ന ഡോ.മൊയ്ദീൻകുട്ടി ഉള്ളാട്ടിനേയും നേരിൽ കേട്ടു. മഞ്ചേരി സ്വദേശിയായ ഡോക്ടർ കഴിഞ്ഞ രണ്ട് വർഷ കാലമായി നട്ടുവേദനയ്ക്ക് ചികിൽസയിലായതിനാൽ യാത്ര ചെയ്യാൻ ബുദ്ധിമുട്ടാണെന്നും ആയതിനാൽ, തന്നെ സ്ഥലം മാറ്റരുതെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. മഞ്ചേരി ആശുപത്രിയിൽ ഓർത്തോ പീഡിക്സിൽ 3 കൺസൾട്ടന്റ്മാരാണുള്ളതെന്നും അതിൽ മറ്റ് രണ്ട് ഡോക്ടർമാർ 6 വർഷം പൂർത്തിയാക്കിയവരാണെന്നും ഡോ.മൊയ്തീൻകുട്ടി അറിയിച്ചു.

7. ഡോ.രാജീവിനേയും ഡോ.മൊയ്ദീൻകുട്ടി ഉള്ളാട്ടിനേയും നേരിൽ കേട്ടതിന്റേയും, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ, മഞ്ചേരി ജനറൽ ആശുപത്രിയിൽ നിലവിൽ ഓർത്തോ വിഭാഗം കൺസൾട്ടന്റിന്റെ ഒഴിവില്ലാത്തതിനാൽ, ഡോ.രാജീവന്റെ അപേക്ഷ പരിഗണിയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ, അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

8. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2)-ലെ വിധിന്യായം ഇപ്രകാരം അനുപാലിച്ചുകൊണ്ട് പരാമർശം 1-ലെ അപേക്ഷ തീർപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സരിത.ഡി,**
**ഡെപ്യൂട്ടി സെക്രട്ടറി.**

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ, (ആരോഗ്യം), തിരുവനന്തപുരം/കോഴിക്കോട്/മലപ്പുറം.
ഡോ.രാജീവ്.കെ.എസ്, കൺസൾട്ടന്റ് (ഓർത്തോപീഡിക്സ്), ബീച്ച് ആശുപത്രി, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ , ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ1-90768/17/ആ.വ.ഡ തീയതി 22.02.2018**
അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**

**സ്വീകർത്താവ്**

**ഡോ. രാജീവ്.കെ.എസ്**
**കൺസൾട്ടന്റ് (ഓർത്തോ)**
**ജനറൽ ആശുപത്രി, കോഴിക്കോട്**